REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 24-09-2024** | **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- തദ്ദേശതിരഞ്ഞെടുപ്പിലെ സംവരണ വാർഡുകൾ നിശ്ചയിക്കാൻ ഒക്ടോബർ 13 മുതൽ 21 വരെ നറുക്കെടുപ്പ് നടത്തുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ A.ഷാജഹാൻ.
- ആയുർവേദ നേത്രരോഗ ചികിത്സയ്ക്ക് സംസ്ഥാനത്ത് എല്ലാ ജില്ലകളിലും സംവിധാനം ഏർപ്പെടുത്തിയതായി മന്ത്രി വീണാ ജോർജ്.
- നെൽ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കേന്ദ്ര കൃഷി മന്ത്രാലയത്തിലെ വിദഗ്ദ്ധ സംഘം ഇന്ന് ആലപ്പുഴയിൽ.
- സെപ്തംബറിലെ സാമൂഹ്യ സുരക്ഷ, ക്ഷേമനിധി പെൻഷൻ വിതരണം നാളെ ആരംഭിക്കും.f
- ഏഷ്യാ കപ്പ് ട്വന്റി - 20 ക്രിക്കറ്റ് സൂപ്പർ ഫോറിൽ ഇന്ത്യ ഇന്ന് ബംഗ്ലാദേശിനെ നേരിടും.

## വാർത്തകൾ വിശദമായി

**തദ്ദേശതിരഞ്ഞെടുപ്പിലെ സംവരണ വാർഡുകൾ നിശ്ചയിക്കുന്നതിന് ഒക്ടോബർ 13 മുതൽ 21 വരെ നറുക്കെടുപ്പ് നടത്തുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ A. ഷാജഹാൻ തിരുവനന്തപുരത്ത് അറിയിച്ചു. ത്രിതലപഞ്ചായത്തുകളുടെ വാർഡ് സംവരണം നറുക്കെടുപ്പിലൂടെ നിശ്ചയിക്കാൻ ജില്ലാകളക്ടർമാരെയാണ് അധികാരപ്പെടുത്തിയിരിക്കുന്നത്.**

ഗ്രാമപഞ്ചായത്തികളിലെ സംവരണ വാർഡ് നറുക്കെടുപ്പ് ഒക്ടോബർ 13 മുതൽ 16 വരെയും, ബ്ളോക്ക് പഞ്ചായത്തുകളിലേത് ഒക്ടോബർ 18 നും, ജില്ലാപഞ്ചായത്തിലേത് 21-നും നടത്താനാണ് തീരുമാനം.

നറുക്കെടുപ്പ് തീയതിയും സ്ഥലവും നിശ്ചിയിച്ച് കമ്മീഷൻ ഉടൻ വിജ്ഞാപനം പുറപ്പെടുവിക്കും. തിരഞ്ഞെടുപ്പിന് മുമ്പ് വോട്ടർപട്ടിക വീണ്ടും പുതുക്കുമെന്നും കമ്മീഷണർ പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് ആയുർവേദ നേത്രരോഗ ചികിത്സയ്ക്ക് എല്ലാ ജില്ലകളിലും സംവിധാനം ഏർപ്പെടുത്തിയതായി മന്ത്രി വീണാ ജോർജ് അറിയിച്ചു. ആറ് ദൃഷ്ടി യൂണിറ്റുകൾ കൂടി ആരംഭിച്ചതോടെയാണ് എല്ലാ ജില്ലകളിലും ആയുർവേദ നേത്രരോഗ ചികിത്സ സാധ്യമാക്കിയതെന്ന് മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു. പത്താമത് ആയുർവേദ ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അവർ ആയുർവേദ ചികിത്സാ മേഖലയെ വിപുലപ്പെടുത്തുന്ന ആയുഷ് യോഗ ക്ലബ് ആപ്പ് ഉൾപ്പെടെ 12 പദ്ധതികളും മന്ത്രി ഉദ്ഘാടനം ചെയ്തു.

കണ്ണൂരിലെ അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിന്റെ ആശുപത്രിയും, മാനുസ്ക്രിപ്റ്റ് സെന്ററും ഉൾപ്പെടെ ബ്ലോക്കുകളുടെ നിർമ്മാണം ഈ വർഷം അവസാനത്തോടെ പൂർത്തിയാകും. നാഷണൽ ആയുഷ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ഘാടനവും വൈകാതെ ഉണ്ടാകുമെന്ന് മന്ത്രി പറഞ്ഞു.

✪✪✪

വനിതകൾക്ക് ആയുർവേദ ഗർഭകാല-പ്രസവാനന്തര ശുശ്രൂഷയിൽ ശാസ്ത്രീയ പരിശീലനം നൽകുന്നതിന് സൂതികാമിത്രം കോഴ്സ് ആരംഭിക്കാൻ ധാരണാപത്രം ഒപ്പിട്ടു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രെയിനിങ് ഇൻ ആയുഷിന്റെ കീഴിലാണ് കോഴ്സ് നടപ്പിലാക്കുന്നത്. നാഷണൽ ആയുഷ് മിഷനും, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുമാണ് ധാരണാപത്രം ഒപ്പുവെച്ചത്.

ഗർഭകാല-പ്രസവാനന്തര ശുശ്രൂഷ രംഗത്തെ ചൂഷണം അവസാനിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യമെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. മൂന്നു മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സിൽ കെയർ ഗിവേഴ്സ് ആയി പ്രവർത്തിക്കാൻ വനിതകൾക്ക് പരിശീലനം നൽകും.

✪✪✪

ആരോഗ്യ പരിരക്ഷാ രംഗത്തെ GST പരിഷ്ക്കരണം സാധാരണക്കാർക്ക് വലിയ അനുഗ്രഹവും, ആശ്വാസവുമായി മാറുകയാണ്. നേരത്തെ 18 ശതമാനം GST ഈടാക്കിയിരുന്ന ആരോഗ്യ ഇൻഷുറൻസിനും, ലൈഫ് ഇൻഷുറൻസിനും പൂർണമായ നിരക്കിളവാണ് കേന്ദ്രഗവൺമെന്റ് നൽകിയിരിക്കുന്നത്.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)......

GST പരിഷ്ക്കരണത്തിലൂടെ ആരോഗ്യ ഇൻഷുറൻസ് മേഖലയ്ക്ക് വ്യാപകമായ സ്വീകാര്യത കൈവരുമെന്നാണ് വിലയിരുത്തൽ. സാധാരണക്കാർക്കും, ഇടത്തരക്കാർക്കും ചികിത്സാ ചെലവിലൂടെയുണ്ടാകുന്ന വലിയ ബാധ്യത ഇതുവഴി ഒഴിവാക്കാൻ കഴിയും.

ഇതോടൊപ്പം 33 ജീവൻരക്ഷാ മരുന്നുകളുടെ GST യും പാടെ ഒഴിവാക്കിയിട്ടുണ്ട്. കാൻസറും, മറ്റ് ഗുരുതര രോഗങ്ങളും ബാധിച്ചവരുടെ ദീർഘകാല ചികിത്സാ ചെലവ് വലിയൊരളവിൽ കുറയ്ക്കാൻ ഇതുവഴി സാധ്യമാകും. മെഡിക്കൽ ഉപകരണങ്ങളുടെയും, പരിശോധനാ കിറ്റുകളുടെയും GST യും 12 ശതമാനത്തിൽ നിന്ന് അഞ്ച് ശതമാനമായി കുറച്ചത് ആശ്വാസകരമായ നടപടിയാണ്. കൂടുതൽ ആരോഗ്യകരമായ രാജ്യം എന്ന ലക്ഷ്യത്തിലേക്ക് നിർണായക ചുവടുവെപ്പു കൂടിയാണിത്.

✪✪✪

പൊതുസേവനവും സദ്ഭരണവും ലക്ഷ്യമിട്ട് പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ കേന്ദ്ര ഗവൺമെന്റ് നടപ്പാക്കി വരുന്ന പരിഷ്കരണ നയങ്ങൾ രാജ്യത്ത് സുപ്രധാന മാറ്റങ്ങളാണ് കൊണ്ടുവരുന്നത്. നരേന്ദ്രമോദി ഗവൺമെന്റ് സെമികണ്ടക്ടർ ദൗത്യത്തിൽ ഇന്ത്യയുടെ ഭാവി രൂപപ്പെടുത്തുന്നതിനെക്കുറിച്ചാണ് ആകാശവാണി ഇന്ന് സേവാപർവ് പരമ്പരയിലൂടെ വിശദീകരിക്കുന്നത്.

.......(വോയ്സ്)....

ആധുനിക ഇലക്ട്രോണിക്സിന്റെ അടിസ്ഥാനമായ സെമികണ്ടക്ടറുടെ ഉത്പാദനത്തിൽ ഇന്ത്യ പരിവർത്തനാത്മകമായ മുന്നേറ്റമാണ് കൈവരിക്കുന്നത്. 2021 ൽ സെമികണ്ടക്ടർ ദൗത്യം

**ആരംഭിച്ചതോടെയാണ് ഇതിന് തുടക്കമായത്. ഈ മാസം ന്യൂഡൽഹിയിൽ സംഘടിപ്പിച്ച സെമികോൺ ഇന്ത്യ-2025 ൽ പ്രധാനമന്ത്രി നരേന്ദ്രമോദി സെമികണ്ടക്ടർ ചിപ്പുകളെ ഡിജിറ്റൽ രത്നങ്ങൾ എന്നാണ് വിശേഷിപ്പിച്ചത്. 76,000 കോടി രൂപ സെമികോൺ ഇന്ത്യ പരിപാടിയ്ക്ക് നീക്കിവെച്ചിട്ടുണ്ട്. ഉത്പാദകർക്ക് 50 ശതമാനം വരെ ഗവൺമെന്റ് സഹായത്തോടെ സംരംഭങ്ങൾ ആരംഭിക്കാൻ സാധിക്കും. 280 അക്കാദമിക് സ്ഥാപനങ്ങളും, 70 സ്റ്റാർട്ടപ്പുകളും ഇതിന്റെ ഭാഗമായി സെമികണ്ടക്ടർ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. സെമികോൺ-2025 ൽ ഇന്ത്യയിൽ തദ്ദേശീയമായി നിർമ്മിച്ച ചിപ്പുകൾ കേന്ദ്രമന്ത്രി അശ്വിനിവൈഷ്ണവ് പ്രധാനമന്ത്രിക്ക് കൈമാറിയിരുന്നു.**

✪✪✪

**പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 28 ന് രാവിലെ 11 മണിക്ക്. മൻ കി ബാതിന്റെ 126-ാം പതിപ്പാണിത്. പരിപാടിയിലേക്ക് ആശയങ്ങളും, അഭിപ്രായങ്ങളും ടോൾഫ്രീ നമ്പറിലും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും 26 വരെ പങ്കുവയ്ക്കാം.**

✪✪✪

**ഇന്ന് ദേശീയ നാഷണൽ സർവീസ് സ്കീം ദിനാചരണം. ഇതിന്റെ ഭാഗമായി തിരുവനന്തപുരത്ത് രാവിലെ NSS ന്റെ 'മാനസഗ്രാമം' മാതൃകാ ഗ്രാമപദ്ധതി മന്ത്രി ഡോ. R ബിന്ദു പ്രഖ്യാപിക്കും. 'കർത്തവ്യവാര' ചടങ്ങും 'പക്ഷിവനം പദ്ധതി'യുടെ സംസ്ഥാനതല ചടങ്ങും മന്ത്രി ഉദ്ഘാടനം ചെയ്യും. ടാഗോർ തിയേറ്ററിലാണ് ചടങ്ങ് സംഘടിപ്പിച്ചിരിക്കുന്നത്.**

✪✪✪

**കൗമാരക്കാരായ ഹയർസെക്കണ്ടറി വിദ്യാർത്ഥികളുടെ സർഗ്ഗശേഷിയും, ഊർജ്ജവും സമൂഹത്തിന് പ്രയോജനപ്പെടുത്താൻ ലക്ഷ്യമിടുന്ന ജീവിതോത്സവം -2025 പദ്ധതി രാവിലെ മന്ത്രി V ശിവൻകുട്ടി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. കോട്ടൺഹിൽ ഹയർസെക്കണ്ടറി സ്കൂളിലാണ് ചടങ്ങ്. ഹയർസെക്കണ്ടറി നാഷണൽ സർവീസ് സ്കീം നടപ്പാക്കുന്ന പദ്ധതിയാണിത്.**

✪✪✪

**കേരളത്തിലെ നെൽ കർഷകരുടെ പ്രശ്നം പരിഹരിക്കാൻ കേന്ദ്ര കൃഷി മന്ത്രാലയം നിയോഗിച്ച വിദഗ്ദ്ധ സംഘം ആലപ്പുഴയിലെ ചേർത്തല,**

**അന്ധകാരനഴി, കുട്ടനാട്, അപ്പർ കുട്ടനാട്, മേഖലകൾ ഇന്ന് സന്ദർശിക്കും. കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ കുട്ടനാട് സന്ദർശിക്കുന്നതിന് മുന്നോടിയായാണ് ഏഴംഗ വിദഗ്ദ്ധ സംഘം എത്തുന്നത്.**

✪✪✪

**സംസ്ഥാനത്ത് സെപ്തംബറിലെ സാമൂഹ്യ സുരക്ഷ, ക്ഷേമനിധി പെൻഷൻ വിതരണം നാളെ ആരംഭിക്കും. ഇതിന് 841 കോടി അനുവദിച്ചതായി മന്ത്രി K.N.ബാലഗോപാൽ അറിയിച്ചു. 62 ലക്ഷത്തോളം പേർക്കാണ് 1,600 രൂപ വീതം ലഭിക്കുന്നത്.**

✪✪✪

**ഏഷ്യാ കപ്പ് ട്വന്റി - 20 ക്രിക്കറ്റ് സൂപ്പർ ഫോറിൽ ഇന്ത്യ ഇന്ന് ബംഗ്ലാദേശിനെ നേരിടും. രാത്രി എട്ടിന് ദുബായ് ക്രിക്കറ്റ് സ്റ്റേഡിയത്തിലാണ് മത്സരം. നിലവിൽ, ഗ്രൂപ്പ് A യിൽ ആറു പോയിന്റുമായി ഒന്നാം സ്ഥാനത്താണ് ഇന്ത്യ.**

**ഇന്നലെ സൂപ്പർ ഫോറിൽ പാകിസ്ഥാൻ, ശ്രീലങ്കയെ അഞ്ചു വിക്കറ്റിന് പരാജയപ്പെടുത്തി. അബുദാബി ഷേയ്ഖ് സയിദ് സ്റ്റേഡിയത്തിൽ ആദ്യം ബാറ്റ് ചെയ്ത ശ്രീലങ്ക, 8 വിക്കറ്റ് നഷ്ടത്തിൽ 133 റൺസെടുത്തു. പാകിസ്ഥാൻ 18 ഓവറിൽ 5 വിക്കറ്റിന് 138 റൺസ് എടുത്ത് വിജയലക്ഷ്യം മറികടക്കുകയായിരുന്നു.**

✪✪✪

**സംസ്ഥാന സ്കൂൾ ഗെയിംസ് അണ്ടർ 19 ബോയ്സ് ഫുട്ബോൾ ഫൈനൽ അൽപസമയത്തിനകം കണ്ണൂർ പൊലീസ് മൈതാനിയിൽ തുടങ്ങും. മലപ്പുറവും കോഴിക്കോടുമാണ് ഫൈനലിൽ മത്സരിക്കുന്നത്. തുടർന്ന് അണ്ടർ 19 ഗേൾസ് ഫുട്ബോൾ മത്സരങ്ങളും ആരംഭിക്കും.**

**ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ബോക്സിങ് മത്സരങ്ങൾ കണ്ണൂർ മുനിസിപ്പൽ സ്കൂളിലും, ആൺകുട്ടികളുടെ സീനിയർ വോളിബോൾ മത്സരങ്ങൾ തലശ്ശേരി ചമ്പാട് ഇൻഡോർ സ്റ്റേഡിയത്തിലും ഇന്ന് നടത്തും.**

✪✪✪

**ചാമ്പ്യൻസ് ബോട്ട് ലീഗ് മത്സരങ്ങളിലൊന്ന് കാസർഗോഡ് കോട്ടപ്പുറം അച്ചാംതുരുത്തി തേജസ്വിനി പുഴയിൽ ഒക്ടോബർ 12-ന് നടത്താൻ**

തീരുമാനിച്ചു. കാസർകോട് ജില്ലയിൽ ആദ്യമായാണ് ചാമ്പ്യൻസ് ബോട്ട്ലീഗ് സംഘടിപ്പിക്കുന്നത്.

✪✪✪

കോഴിക്കോട് ജില്ലാ സ്പെഷ്യൽ സ്കൂൾ കലോത്സവത്തിൽ പുറക്കാട് ശാന്തി സദനം സ്കൂൾ ഫോർ ഡിഫറന്റ്ലി ഏബിൾഡ് ചാമ്പ്യന്മാരായി. കൊയിലാണ്ടി നെസ്റ്റ് സ്പെഷ്യൽ സ്കൂൾ രണ്ടാം സ്ഥാനവും, കുറ്റ്യാടി തണൽ കരുണ മൂന്നാം സ്ഥാനവും നേടി. വിജയികൾക്ക് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീജ ശശി സമ്മാനങ്ങൾ വിതരണം ചെയ്തു.

✪✪✪

രാജ്യത്ത് ആദ്യമായി ജലബജറ്റ് തയ്യാറാക്കിയ കോർപ്പറേഷനെന്ന അംഗീകാരം കണ്ണൂരിന്. ഹരിത കേരള മിഷന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ജലബജറ്റ് മേയർ മുസ്ലിഹ് മഠത്തിൽ പ്രകാശനം ചെയ്തു.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ....

....................( വോയ്സ്)..................

✪✪✪

കേരളത്തിൽ ചകിരി ഫൈബർ ബാങ്ക് പ്രവർത്തനം അടുത്തമാസം ആരംഭിക്കുമെന്ന് മന്ത്രി P.രാജീവ് അറിയിച്ചു. ഗുണമേന്മ പുലർത്തുന്ന ചകിരി സംഭരിക്കുന്നതിനാണ് നടപടിയെന്ന് ആലപ്പുഴയിൽ കയർ കോൺക്ലേവിന് ശേഷം അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. കയർ ഉല്പാദനം സംഘടിത സ്വഭാവത്തിലേക്ക് കൊണ്ടുവരാൻ ക്ലസ്റ്റർ സംവിധാനം നടപ്പാക്കണമെന്ന് കോൺക്ലേവ് തീരുമാനിച്ചതായി മന്ത്രി അറിയിച്ചു.

100 മെഷീനുകളോടെ ആദ്യ കയർ ഉല്പാദന ക്ലസ്റ്റർ ഈ വർഷം തന്നെ ആരംഭിക്കുമെന്നും രാജീവ് പറഞ്ഞു.

✪✪✪

അങ്കണവാടികളുടെ നിർമാണം ലക്ഷ്യമാക്കി പ്രത്യേക പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്ന് മന്ത്രി K.N ബാലഗോപാൽ പറഞ്ഞു. കൊട്ടാരക്കര മുനിസിപ്പാലിറ്റിയിലെ വേലംകോണം, കരീപ്ര പഞ്ചായത്തിലെ

തൃപ്പലഴികം, ചൂരപ്പൊയ്ക അങ്കണവാടി കെട്ടിടങ്ങളുടെ നിർമാണപുരോഗതി വിലയിരുത്തുകയായിരുന്നു മന്ത്രി.

✪✪✪

കേരളം EMS ന്റെ വികസന സ്വപ്നങ്ങൾ യാഥാർഥ്യമാക്കുകയാണെന്ന് CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ പറഞ്ഞു. വികസനത്തിൽ രാഷ്ട്രീയം പാടില്ലെന്നും, എല്ലാവരെയും ചേർത്തുപിടിച്ച് മുന്നോട്ടു പോകണമെന്നാണ് EMS വ്യക്തമാക്കിയതെന്നും അദ്ദേഹം അറിയിച്ചു. മലപ്പുറം തിരുനാവായ-യിൽ EMS ന്റെ ലോകം സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു ഗോവിന്ദൻ. സെമിനാർ ഇന്ന് സമാപിക്കും.

✪✪✪

ആരോഗ്യ, വിദ്യാഭ്യാസ ജീവകാരുണ്യ മേഖലകളിലെ പ്രവർത്തനങ്ങളിൽ മലപ്പുറം ജില്ലാ പഞ്ചായത്ത് മറ്റു പഞ്ചായത്തുകൾക്ക് മാതൃകയാണെന്ന് പ്രതിപക്ഷ നേതാവ് V.D സതീശൻ പറഞ്ഞു. ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ സ്കൂട്ടറുകൾ വിതരണം ചെയ്യുന്ന പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു സതീശൻ.

✪✪✪

---

*News Editor & News Reader: അനിൽ ചന്ദ്രൻ*
*NRTs: ഫസ്ന ഫാത്തിമ, അനുഷ ആത്മപ്രകാശ്*
*DEO : ഷീബ*